പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

പി.എം.ജി.എസ്.വൈ.പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7311

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ.പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ മാത്രം 5573.5 ലക്ഷം രൂപയുടെ പ്രവൃത്തികൾ ലാപ്സായ സാഹചര്യത്തിൽ നിരക്കുകൾ പുതുക്കിയോ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തിയോ റോഡു നിർമ്മാണം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | നിലവിൽ പി.എം.ജി.എസ്.വൈ. പ്രകാരം കരാർ ഉറപ്പിക്കാൻ കഴിയാത്ത റോഡുകൾ 2013ലെ PMGSY schedule of rate (LMR) അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നത് പരിഗണനയിലാണ്. |
| (ബി) | പി.എം.ജി.എസ്.വൈ.പദ്ധതി എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ 22 പ്രവൃത്തികൾക്ക് ടെൻഡർ വിളിച്ചിട്ട് എത്ര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തുവെന്ന് വിശദമാക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ. എട്ടാം ഘട്ടത്തിൽ ഒന്നാം ബാച്ചിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ച ആലപ്പുഴ ജില്ലയിലെ 21 പ്രവൃത്തികൾക്ക് 5 തവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. |
| (സി) | അധികരിച്ച നിരക്ക് അനുവദിച്ചിട്ടും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ; | (സി) | ഉണ്ട്. കുട്ടനാട് പ്രദേശം ഉൾപ്പെടുന്ന ആലപ്പുഴയിൽ ഒന്നാകെ റോഡ് പണികൾക്കുള്ള ഗ്രാവൽ മണ്ണ്, പാറ, മെറ്റൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സമീപ ജില്ലകളിൽ നിന്നു പോലും കൊണ്ടുവരേണ്ടതായുണ്ട്. സാധന സാമഗ്രികളുടെ കുറവും അവയ്ക്ക് നൽകുന്ന നിരക്ക് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകൾ നൽകുന്നതിനേക്കാൾ കുറവായതും കാരണമാണ് പണികൾ എറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാതിരിക്കുന്നത്. സ്വകാര്യ മടകളിൽ (ക്വാറികൾ) നിന്നും എടുക്കുന്ന മണ്ണിന് വില നൽകാൻ എസ്റ്റിമേറ്റിൽ വ്യവസ്ഥ ഇല്ലാത്തതും മറ്റൊരു കാരണമാണ്. |
| (ഡി) | എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുട്ട നാട്ടിലെ ഐ.റ്റി.സി - കോടമ്പനാടി, നീലംപേരൂർ-പൈറ്റുപാക്ക ശ്മശാനം, വെളിയനാട് എൽ.പി.എസ്. - കപ്പോ ള, കുമരംകരി - കുന്നംകരി എന്നീ റോഡു നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ടെന്ന് വിശദമാക്കാമോ? | (ഡി) | എട്ടാം ഘട്ടത്തിൽ അനുവദിച്ച റോഡുകൾ പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അവയുടെ എസ്റ്റിമേറ്റുകൾ 2013-ലെ തദ്ദേശ വിപണി നിരക്കിനെ (LMR) അടിസ്ഥാനമാക്കി പി.എം.ജി.എസ്.വൈ. SOR തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ